# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1702 | | | 31.01.2018-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **തിരുവനന്തപുരം നഗരത്തിൽ പ്ലാസ്റ്റിക്ക് കത്തിക്കുന്നത് തടയാൻ നടപടി** | | | |
| **ചോദ്യം** | | | **ഉത്തരം** |
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | തിരുവനന്തപുരം നഗരത്തിൽ വ്യാപകമായി നഗരസഭാ ജീവനക്കാർ ചപ്പുചവറുകൾ വൃത്തിയാക്കുന്ന തോടൊപ്പം ഉണ്ടാകുന്ന പ്ലാസ്റ്റിക്-അജൈവ മാലിന്യങ്ങൾ പാതയോരങ്ങളിൽ വ്യാപകമായി കത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിനുള്ള കർശനം നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗരസഭാ ജീവനക്കാർ ചപ്പുചവറുകൾ വൃത്തിയാക്കുന്ന തോടൊപ്പം ഉണ്ടാകുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ പാതയോരങ്ങളിൽ കത്തിക്കുന്നത് തടയുന്നതിന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുന്നതാണ് |
| (ബി) | നഗരഹൃദയഭാഗങ്ങളിലും ജനനിബിഡ പ്രദേശങ്ങളിലും പ്ലാസ്റ്റിക്-അജൈവ മാലിന്യങ്ങൾ കത്തിക്കുന്നതിനു സ്ഥിരം സ്ഥലം ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് പരാതികളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നടപടികൾ സ്വീകരിക്കാത്ത നഗരസഭാജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; | (ബി) | പ്ലാസ്റ്റിക് - അജൈവമാലിന്യങ്ങൾ കത്തിക്കുന്നതിന് സ്ഥിരം സ്ഥലം ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നിരുന്നാലും ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്ലാസ്റ്റിക്ക് കത്തിക്കുന്നത് ക്യാൻസർ പോലുള്ള മാരക രോഗങ്ങൾക്ക് കാരണമാകുന്നു എന്ന പ്രചാരണം കേരള ശുചിത്വ മിഷൻ വഴി നൽകുന്നവർ തന്നെ ഇത് കത്തിക്കുന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി), (ഡി) & (ഇ) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് |
| (ഡി) | തിരുവനന്തപുരം നഗരത്തിൽ നിയമസഭയോടും എം.എൽ.എ. മാരുടെ വാസസ്ഥലത്തോടും ചേർന്നുള്ള സ്റ്റേഡിയം ഫ്ലൈ ഓവറിന് സമീപം വ്യാപകമായി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സ്ഥിരമായി കത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (ഇ) | ഉണ്ടെങ്കിൽ ഇത് തടയുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ